## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **870**

**03.12.2014** ൽ മറുപടിക്ക്

### മണലൂർ നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |

(എ) കഴിഞ്ഞ മൂന്നുവർഷമായി മണലൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി ചെലവഴിച്ച തുകകൾ എത്ര വീതമെന്നും അറിയിക്കാമോ;

(എ) കഴിഞ്ഞ മൂന്നുവർഷമായി മണലൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടേയും ചെലവാക്കിയ തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവാക്കിയ തുക |
|---|---|
| 1) മണലൂർ എൽ.ഐ സ്കീമിൽ പമ്പ് ഹൗസ്, സക്ഷൻ ഡെലിവറി പിറ്റ്, എന്നിവയുടെ പണി | 21,59,492.00 |
| 2) തൃശൂർ ജില്ലയിലെ ഇടിയൻചിറയ്ക്ക് കുറുകെ പന്തിയാർ കുളങ്ങരയിൽ (ഇൻവെസ്റ്റിഗേഷൻ പണി) സ്ഥിരം സ്ലൂയിസ് | 82,090.00 |
| 3) ഇടിയൻചിറ റഗുലേറ്ററിന്റെ അപ്സ്ട്രീം, ഡൗൺസ്ട്രീം കരകളെ ബലപ്പെടുത്തൽ സിവിൽ പണി | 72,94,175.00 |
| 4) പരപ്പുഴ തോടിന്റെ തുടക്കത്തിൽ ഒരു സ്ലൂയിസിന്റെ നിർമ്മാണം | 58,48,926.00 |
| 5) വടക്കാഞ്ചേരി പുഴയിൽ പെരുവാഞ്ചിറയുടെ അഭിവൃദ്ധിപ്പെടുത്തൽ | 20,80,400.00 |
| 6) മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് | 2,82,47,000.00 |
| 7) ബണ്ട് റോഡ് | 8,00,000.00 |

(ബി) അംഗീകാരം ലഭിച്ചതും ഇപ്പോൾ നിർമ്മാണഘട്ടത്തിൽ ഇരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇവയ്ക്ക് നീക്കിവച്ചിരിക്കുന്ന തുക എത്ര വീതമെന്നും അറിയിക്കാമോ;

(ബി) അംഗീകാരം ലഭിച്ചതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | നിജസ്ഥിതി |
|---|---|---|
| 1) ചിറകാപ്പ് പൊതുകുളം നവീകരണം | 70,00,000/- | പ്രവൃത്തി പുരോഗതിയിലാണ് |
| 2) കണ്ടാനശ്ശേരി പഞ്ചായത്തിലെ പൈങ്കിളികുളം നിർമ്മാണം | 36,50,000/- | ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 3) എളവള്ളി പഞ്ചായത്തിലെ കോന്നിക്കുളം നവീകരണം | 27,50,000/- | ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 4) വെങ്കിടങ്ങ് പഞ്ചായത്തിലെ ക്ഷേത്രക്കുളം നവീകരണം (ശ്രീ ശങ്കര നാരായണ) | 1,67,00,000/- | സമ്മതപത്രം ലഭിച്ചിട്ടില്ല. |
| 5) മണലൂർ പഞ്ചായത്തിലെ രാമൻകായൽ നവീകരണം | 2,25,00,000/- | ടെൻഡർ നടപടികൾ നടന്നു വരുന്നു. |
| 6) മണലൂർ എൽ.ഐ. സ്കീമിന്റെ 500 മീ. ലീഡിംഗ് ചാനൽ നിർമ്മാണം | 74,00,000/- | പ്രവൃത്തി പുരോഗതിയിലാണ് |
| 7) കോട്ടച്ചാലിൽ കാട്ടീടമൂല മുതൽ ഏനാമാക്കൽ റഗുലേറ്റർ വരെയുള്ള ഭാഗത്തെ ആഴം കൂട്ടൽ | 8,17,000/- | പ്രവൃത്തി പുരോഗതിയിലാണ് |

(സി) ഒരു പഞ്ചായത്തിൽ ഒരു പൊതുകുളം പുനർനിർമ്മിക്കുന്ന പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ സ്ഥിതി |
|---|---|
| 1) എളവള്ളി പഞ്ചായത്തിലെ കോന്നികുളം നവീകരണം 27.50 ലക്ഷം | ടെൻഡർ നടപടികൾ നടന്നു വരുന്നു. |
| 2) വെങ്കിടങ്ങ് പഞ്ചായത്തിലെ ശ്രീ. ശങ്കര നാരായണ ക്ഷേത്രക്കുളം നവീകരണം 167.00 ലക്ഷം | സമ്മതപത്രം ലഭിച്ചിട്ടില്ല. |
| 3) മണലൂർ പഞ്ചായത്തിലെ രാമൻ കായൽ നവീകരണം 225.00 ലക്ഷം | ടെൻഡർ നടപടികൾ നടന്നു വരുന്നു. |
| 4)കണ്ടാശ്ശേരി പഞ്ചായത്തിലെ പൈങ്കിളിക്കുളം നവീകരണം 36.50 ലക്ഷം | ടെൻഡർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ